## റിപ്പോർട്ടുകളുടെ സമർപ്പണം

(1) വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ്-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും മേഖലയിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ "വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ്-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും മേഖലയിൽ" , "ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ" എന്നിവ സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സമർപ്പിക്കുന്നു. (......ബഹളം....)

(2) ഒഡെപെക്, 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വൻകിട ചെറുകിട പദ്ധതികൾ ഉൾപ്പെടെ വൈദ്യുതി ഉത്പാദന പ്രസരണ വിതരണ മേഖലയിലുണ്ടായ നഷ്ടം

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി

VII-ന്റെ അദ്ധ്യക്ഷനായ ഞാൻ "ഒഡെപെക്" , " 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വൻകിട ചെറുകിട പദ്ധതികൾ ഉൾപ്പെടെ വൈദ്യുതി ഉത്പാദന പ്രസരണ വിതരണ മേഖലയിലുണ്ടായ നഷ്ടം " എന്നിവ സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സമർപ്പിക്കുന്നു. (.....ബഹളം.....)

ഡോ. എം. കെ. മുനീർ: മൈക്ക് ഓഫ് (.....ബഹളം.....)

മി. സ്പീക്കർ: (.....ബഹളം.....) അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചുകഴിഞ്ഞു. റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു. (.....ബഹളം.....)